**മുസ്വദ്ദിഖ്**

# ഇന്ദ്രപ്രസ്ഥത്തിലെ ഖുർആൻ സദസ്സ്

**രണ്ടുമൂന്ന്** വർഷം മുമ്പ് ദൽഹിയിലെത്തുമ്പോൾ ഇന്ദ്രപ്രസ്ഥത്തിലെ മലയാളി സാന്നിധ്യത്തെക്കുറിച്ച് കേട്ടു കേൾവി മാത്രമാണുണ്ടായിരുന്നത്. കുറച്ചുനാൾ അടുത്തറിയാൻ അവസരം ലഭിച്ചപ്പോൾ കണ്ടത് സങ്കൽപത്തിൽ നിന്നേറെ വിഭിന്നമായ ഒരു ചിത്രമാണ്. സ്വാതന്ത്ര്യലബ്ധിയുടെ നാൾതൊട്ടും ഒരുവേള അതിനുമുമ്പും തലസ്ഥാന നഗരിയിലേക്ക് ചേക്കേറിയവരും അവരുടെ പിൻതലമുറയുമായി ദൽഹിയിലെ മലയാളികൾ 10 ലക്ഷം വരുമത്രെ. സാംസ്കാരിക രംഗത്തും ഭരണപങ്കാളിത്തത്തിലും മറ്റുപല രംഗങ്ങളിലും മലയാളികളുടെ സാന്നിധ്യവും സംഭാവനകളും ധാരാളമാണ്. മലയാളികളായ മൂന്നു മന്ത്രിമാർ, ഭരണ സിരാകേന്ദ്രങ്ങളിലെ നിർണായക തസ്തികകളിൽ ഒട്ടനേകർ, സമുന്നത നീതിപീഠത്തിന്റെ അധ്യക്ഷനായി ഒരു മലയാളി, ഒട്ടേറെ മത-സാംസ്കാരിക സംഘടനകളുടെ സജീവമായ പ്രവർത്തനങ്ങൾ, രണ്ടു മലയാള പത്രങ്ങളുടെ സാന്നിധ്യം അങ്ങനെ എടുത്തുപറയാവുന്ന ഒട്ടേറെ പ്രത്യേകതകളുണ്ട് ദൽഹി മലയാളിക്ക്.

ദൽഹിയിൽ 2007 നവംബർ 25-ന് പ്രശസ്തമായ ഇന്ദിരാഗാന്ധി നാഷ്നൽ സെന്റർ ഫോർ ആർട്സും ഡയലോഗ് സെന്റർ കേരളയും സംയുക്തമായി സംഘടിപ്പിച്ച *ഖുർആൻ ലളിതസാരം* പ്രകാശനവും സാംസ്കാരിക പ്രദർശനവും പുതുമയാർന്ന അനുഭവമായിരുന്നു. ദൽഹി മലയാളികളുടെ പരിഛേദം എന്ന് വിശേഷിപ്പിക്കാവുന്നവിധം പ്രമുഖ സംഘടനാ നേതാക്കളുടെ സാന്നിധ്യം പരിപാടിയിലുണ്ടായി. എ.കെ ആന്റണി അഭിപ്രായപ്പെട്ട പോലെ, ഫലത്തിൽ ഒരു സർവമത സമ്മേളനം തന്നെയായിരുന്നു അത്.



ഐ.ജി.എൻ.സി ഓഡിറ്റോറിയത്തിലെ നിറഞ്ഞ സദസ്സിനു മുമ്പിൽ പ്രതിരോധമന്ത്രി എ.കെ ആന്റണി *ഖുർആൻ ലളിതസാരം* അഞ്ചാം പതിപ്പ് പ്രകാശനം ചെയ്തു.

''1400 വർഷത്തിലധികമായി കോടിക്കണക്കിൽ വിശ്വാസികൾ യാതൊരു മടുപ്പുമില്ലാതെ ഈ ഗ്രന്ഥം വായിക്കുന്നു. ഓരോ വർഷം കഴിയും തോറും വായിക്കുന്നവരുടെ എണ്ണം വർധിക്കുകയാണ്. ഇങ്ങനെ സംഭവിക്കണമെങ്കിൽ ദൈവികമായ ഒരു ശക്തി ഇതിനു പിന്നിലുണ്ടാകണമെന്നതിൽ ഒരു തർക്കവുമില്ല. അരാജകത്വവും സാംസ്കാരിക ജീർണതയും രക്തച്ചൊരിച്ചിലും നിറഞ്ഞുനിന്ന ഒരു കാലഘട്ടത്തിൽ വമ്പിച്ച മാനവിക പരിവർത്തനവും സാംസ്കാരിക വിപ്ലവവും നടത്താൻ നബിക്ക് കഴിഞ്ഞു. ഖുർആനിന്റെ ശക്തികൊണ്ടാണിത് സാധിച്ചത് - ആന്റണി പറഞ്ഞു.

"ഇതര സമൂഹങ്ങളെ അപേക്ഷിച്ച് മുസ്‌ലിംകളിൽ സമത്വചിന്ത കൂടുതലാണ്. നോമ്പുകാലത്ത് ആരും പട്ടിണികിടക്കാൻ അവർ ഇഷ്ടപ്പെടുന്നില്ല. സകാത്ത് സംവിധാനത്തിൽ കാതലായ മാറ്റം അടുത്ത കാലത്തായി കാണുന്നുണ്ട്. മുമ്പ് സമ്പന്നന്റെ വീട്ടു പടിക്കൽ ചെന്ന് സകാത്ത് വാങ്ങിയതിൽനിന്നും വ്യത്യസ്തമായി ആവശ്യക്കാരിലേക്ക് നേരിട്ട് എത്തിക്കുന്നതിൽ അവർ ശ്രദ്ധിക്കുന്നു. ഇത് നല്ലൊരു മാറ്റമാണ്."

ശാസ്ത്രം പുരോഗമിക്കും തോറും നശീകരണായുധങ്ങൾ വർധിക്കുകയാ

ണ്. ഈ സാഹചര്യത്തിൽ സമവായത്തിനും സംവാദത്തിനുമുള്ള വാതിലുകൾ തുറക്കേണ്ടതുണ്ടെന്നും ആന്റണി അഭിപ്രായപ്പെട്ടു. നൂറു ശതമാനം സാക്ഷരതയുള്ള കേരളത്തിൽ ഏറ്റവും കുറച്ചു നടക്കുന്നത് സംവാദമാണ്. ഗൗരവമുള്ള കാര്യങ്ങളെക്കുറിച്ച് വിരുദ്ധ ചേരികളിലുള്ളവർ വേദി പങ്കിടുന്നത് അപൂർവമാണ്. സംവാദം, വാദപ്രതിവാദം, ചർച്ച, സമന്വയം, വീണ്ടും ചർച്ച അതങ്ങനെ തുടരുകയാണ് വേണ്ടത്. ചർച്ച കഴിവില്ലായ്മയോ ഒഴിഞ്ഞ് മാറലോ അല്ല. ചർച്ചകളിലൂടെ സമവായത്തിന്റെ മേഖലകൾ കണ്ടെത്താൻ കഴിയും. ഇതിനുള്ള ശ്രമങ്ങളാണ് ഡയലോഗ് സെന്റർ കേരള നടത്തുന്നത്. അതിലവർ ഏറക്കുറെ വിജയിച്ചിരിക്കുന്നു. കേരളത്തിൽ സംഭവിച്ച ഒരു കലഹ സമയത്ത് തിരുവനന്തപുരത്ത് വിവിധ വിഭാഗങ്ങളെ പങ്കെടുപ്പിച്ച് ഡയലോഗ് സെന്റർ നടത്തിയ സംവാദം ശ്രദ്ധേയമായിരുന്നു. ഡയലോഗ് സെന്റർ കേരളയുടെ പ്രവർത്തനം ദൽഹിയിലും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വ്യാപിപ്പിക്കണം. താൻ വായിച്ചതിൽ ഏറ്റവും ലളിതമായ പരിഭാഷയാണിതെന്നും ഇസ്‌ലാമിനെ മനസ്സിലാക്കാൻ ആഗ്രഹിക്കുന്നവർക്ക് ഇത് പ്രയോജനകരമാകുമെന്നും ആന്റണി പറഞ്ഞു.

ഇന്ദിരാഗാന്ധി നാഷ്നൽ സെന്റർ ഫോർ ആർട്സ് ദേശീയ മാനുസ്ക്രിപ്റ്റ് വിഷനിലെ ജി.വി ത്രിപാഠി പുസ്തകം ഏറ്റുവാങ്ങി.

ഖുർആൻ മാനവരാശിക്ക് അവതരിച്ചതിനാൽ അതു തന്റേതുകൂടിയാണെന്ന ബോധമാണ് പരിഭാഷ തയാറാക്കാൻ പ്രേരിപ്പിച്ചതെന്ന് മുഖ്യ പ്രഭാഷണത്തിൽ വാണിദാസ് എളയാവൂർ പറഞ്ഞു. ഭിന്ന സമുദായത്തിൽ പെട്ടവരും പ്രവാചകനെ അംഗീകരിച്ചിട്ടുണ്ട്. ശ്രീനാരായണ ഗുരു, സ്വാമി വിവേകാനന്ദൻ, വള്ളത്തോൾ, മൈക്ക്ൾ എച്ച്. ഹാർട്ട് തുടങ്ങിയവർ പ്രവാചകനെക്കുറിച്ച് എഴുതിയത് അദ്ദേഹം ചൂണ്ടിക്കാട്ടി. ഖുർആനിന്റെ കേന്ദ്രബിന്ദു മനുഷ്യനാണ്. ദൈവത്തിനുള്ള സമ്പൂർണ സമർപ്പണമാണതിന്റെ സന്ദേശം. ദൈവത്തിൽനിന്ന് അവതീർണമായ മുഴുവൻ ഗ്രന്ഥങ്ങളെയും അത് അംഗീകരിക്കുന്നു. ഒരു വിമോചന ദൈവശാസ്ത്രം ഖുർആൻ സമർപ്പിക്കുന്നുണ്ട്. അടിമ വിമോചനം, സ്ത്രീ സ്വാതന്ത്ര്യം, ദൈവാരാധന ഇതെല്ലാം ഖുർആൻ മനുഷ്യരാശിയെ പഠിപ്പിക്കുന്നു. തൗഹീദിന്റെ യഥാർഥ സത്ത ഉൾക്കൊള്ളാൻ ശ്രമിക്കണമെന്നും വാണിദാസ് ഉണർത്തി.

നീതിയാണ് ഖുർആൻ പഠിപ്പിക്കുന്ന പ്രധാന പാഠമെന്ന് ഐ.പി.എച്ച് ഡയറക്ടർ ശൈഖ് മുഹമ്മദ് കാരകുന്ന് പറഞ്ഞു. നീതി നിഷേധിക്കപ്പെട്ടവർക്ക്വേണ്ടി ഖുർആൻ ശബ്ദമുയർത്തുന്നു. പ്രവാചക കാലത്ത് ഒരു ജൂതന് വേണ്ടി ഖുർആൻ അവതരിച്ചത് ഇതിന് തെളിവാണ്. പ്രാന്തവൽകൃത സമൂഹത്തിനുവേണ്ടി നിലകൊള്ളാൻ ഖുർആൻ ആവശ്യപ്പെടുന്നു.

സ്വാഗതസംഘം ജനറൽ കൺവീനറും ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ ഉപാധ്യക്ഷനുമായ പ്രഫ. കെ.എ സിദ്ദീഖ് ഹസൻ അധ്യക്ഷത വഹിച്ചു. കേരളത്തിലേക്ക് ഇസ്‌ലാമിന്റെ ആഗമനവുമായി ബന്ധപ്പെട്ട സുപ്രധാന സംഭവങ്ങളും സ്ഥലങ്ങളും ഉൾപ്പെടുത്തി *മാധ്യമം* ഫോട്ടോഗ്രാഫർ അജീബ് കോമാച്ചിയും ശിഹാബുദ്ദീൻ ആരാമ്പ്രവും ചേർന്ന് തയാറാക്കിയ സാംസ്കാരിക പ്രദർശനത്തിന്റെ ഉദ്ഘാടനം ഇഗ്നോ വൈസ് പ്രസിഡന്റ് വി. എൻ രാജശേഖര പിള്ള നിർവഹിച്ചു.

ഫാ. പി.എ ഫിലിപ്പ് (ചെയർമാൻ, സെന്റ് തോമസ് സ്കൂൾ, ദൽഹി), ജസ്റ്റിസ് സി.എസ് രാജൻ (കേരള ഹൈക്കോടതി മുൻ ജഡ്ജി), ജോർജ് വർഗീസ് (പ്രസാർ ഭാരതി ഡയറക്ടർ ബോർഡ് അംഗം), ഡോ. കിരൺ (ശാന്തി ഗിരി ആശ്രമം, ദൽഹി), എ.ടി സൈനുദ്ദീൻ (ദൽഹി മലയാളി അസോസിയേഷൻ), കെ.കെ ബശീർ (ദൽഹി മുസ്‌ലിം വെൽഫെയർ അസോസിയേഷൻ), അഡ്വ. സദറുൽ ദാനം എന്നിവർ സംസാരിച്ചു. സ്വാഗതസംഘം ചെയർമാൻ ഓംചേരി എൻ.എൻ പിള്ള സ്വാഗതവും സുരേഷ്പിള്ള (സീനിയർ കൺസൾട്ടന്റ്, ഇന്ദിരാഗാന്ധി സെന്റർ ഫോർ ആർട്സ്) നന്ദിയും പറഞ്ഞു. പ്രശസ്ത സ്വൂഫി സംഗീതജ്ഞൻ ഡോ. മദൻ ഗോപാൽ സിംഗിന്റെ നേതൃത്വത്തിലുള്ള സംഗീത പരിപാടിയും നടന്നു.

ഖുർആൻ ലളിതസാരത്തിന്റെ പ്രകാശനം, കേരളത്തിലെ ഇസ്‌ലാമിന്റെ ആഗമനത്തെയും വളർച്ചയെയും കുറിക്കുന്ന സാംസ്കാരിക പ്രദർശനം, സൂഫി സംഗീതജ്ഞൻ മദൻ ഗോപാൽ സിംഗ് & പാർട്ടിയുടെ സംഗീത സദ്യ എന്നീ മൂന്ന് പരിപാടികളും ദൽഹി മലയാളികൾക്ക് പുതിയൊരനുഭവമായിരുന്നു. സാംസ്കാരിക പ്രദർശനത്തിലെ 40-ഓളം വരുന്ന ചിത്രങ്ങൾ ശ്രദ്ധേയമായി. ചേരമാൻ പെരുമാൾ, പെരുമാളുടെ മക്കായാത്ര തൊട്ട് മായിൻകുട്ടി എളയയുടെ അറബിമലയാളത്തിലെ ആദ്യ ഖുർആൻ പരിഭാഷ, കൊടുങ്ങല്ലൂർ മുതൽ കാസർകോട്ടുവരെയുള്ള പള്ളികൾ, സ്വദേശാഭിമാനിയുൾപ്പെട്ട മലയാളത്തിലെ ആദ്യമുസ്‌ലിം പ്രസിദ്ധീകരണങ്ങളുടെ മുൻ പേജുകൾ തുടങ്ങി ചരിത്രത്തിലെ ഒട്ടേറെ സാംസ്കാരിക മുന്നേറ്റങ്ങളുടെ മികവാർന്ന ചിത്രങ്ങൾ പഠനാർഹമായി. കേരളത്തിലെ ഇസ്‌ലാമിന്റെ ആഗമനത്തെയും വളർച്ചയെയും രേഖപ്പെടുത്തുന്ന ഒരു മ്യൂസിയത്തിന്റെ പ്രസക്തിയിലേക്ക് വിരൽ ചൂണ്ടുന്നതായിരുന്നു പ്രദർശനം.

കലാ-സാംസ്കാരിക ഗവേഷണത്തിനും പഠനത്തിനും വേണ്ടി സ്ഥാപിതമായ ദേശീയ കേന്ദ്രമെന്ന നിലക്ക് ഈ പരിപാടി ഏറ്റെടുക്കാൻ ഇന്ദിരാഗാന്ധി നാഷ്നൽ സെന്റർ ഫോർ ആർട്സ് മുന്നോട്ടു വന്നത് എടുത്തു പറയേണ്ടതാണ്. ഐ.ജി.എൻ.സിയുടെ സീനിയർ കൺസൾട്ടന്റ് സുരേഷ് പിള്ളയാണ് അത്തരമൊരു നിർദേശം വെച്ചത്. അദ്ദേഹത്തിന്റെ ശ്രമഫലമായി ഐ.ജി. എൻ.സി മേധാവി ആർ. ഖരെഖാൻ, ചക്രവർത്തി എന്നിവരും സഹകരിക്കാൻ സന്നദ്ധരായി. പരിപാടി സ്പോൺസർ ചെയ്യുന്നതിലും സ്ഥലം അനുവദിക്കുന്നതിലും ഐ.ജി.എൻ.സി അധികാരികളുടെ സമീപനം ഉദാരമായിരുന്നു.

ദൽഹി മലയാളികൾ കാണിച്ച ഔത്സുക്യവും താൽപര്യവും പ്രത്യേക പരാമർശമർഹിക്കുന്നു. സ്വാഗതസംഘം ചെയർമാൻ ഓംചേരി എൻ.എൻ പിള്ള, ദൽഹി മലയാളി അസോസിയേഷൻ പ്രസിഡന്റ് സൈനുദ്ദീൻ, സെക്രട്ടറി സി. എൽ ആന്റണി, *മനോരമ* ദൽഹി ബ്യൂറോ ചീഫ് ഡി. വിജയമോഹൻ, യു. എൻ.ഐ ഡയറക്ടർ ജോർജ് വർഗീസ്, ജനസംസ്കൃതി സെക്രട്ടറി ദാമോദരൻ, ഐ.ജി.എൻ.സിയിലെ സുരേഷ് പിള്ള, *മാധ്യമം* ദൽഹി ബ്യൂറോ ചീഫ് സുരേഷ്കുമാർ, ജയിംസ്, ടോണി, ഇനായത്തുല്ല, കെ. സച്ചിദാനന്ദൻ, ഫാ. ജോസഫ് ബർനബാസ്, ശാന്തി ആശ്രമത്തിലെ ഡോ. കിരൺ, ഇന്ദിരാഗാന്ധി ഓപൺ യൂനിവേഴ്സിറ്റി വി.സി വി.എൻ രാജശേഖരപിള്ള, സി.ബി.സി.ഐയുടെ സെക്രട്ടറി ഫാ. തോമസ്, മുൻ മൈനോരിറ്റി കമീഷൻ മെമ്പർ ഫാ. വത്സൻ തമ്പു, ജസ്റ്റിസ് സി.എസ് രാജൻ, ഗുരുവായൂരപ്പൻ ക്ഷേത്രസമിതിയുടെ മാധവൻ നായർ, ഫാ. സക്കറിയ റമ്പാൻ *മാതൃഭൂമി* ബ്യൂറോ ചീഫ് അശോകൻ തുടങ്ങിയവർ പരിപാടിയുമായി പലരീതിയിലും സഹകരിക്കുകയുണ്ടായി.

പരിപാടി വിജയിപ്പിക്കുന്നതിൽ ദൽഹിയിലെ മലയാളി വിദ്യാർഥികൾ വഹിച്ച പങ്കും വലുതാണ്. നൂറോളം വിദ്യാർഥികൾ രണ്ടു മാസക്കാലം നീണ്ട കഠിനയത്നത്തിലൂടെ ദൽഹിയുടെ മുക്കിലും മൂലയിലുമുള്ള മലയാളികളെ നേരിൽ സമീപിക്കുകയും ഡയലോഗ് സെന്ററിനെ പരിചയപ്പെടുത്തുകയും ചെയ്തു. ■